# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

**No. 1290/R2/2022/KDRB**

തിരുവനന്തപുരം
24.11.2023

## <u>അറിയിപ്പ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത **ഗുരുവായൂർ ദേവസ്വത്തിലെ പാർട്ട് ടൈം സ്വീപ്പർ ( കാറ്റഗറി നമ്പർ : 23/2022 ) , കൂടൽമാണിക്യം ദേവസ്വത്തിലെ പ്യൂൺ (കാറ്റഗറി നമ്പർ : 16/2023 ) , കഴകം (കാറ്റഗറി നമ്പർ : 17/2023 ) എന്നീ തസ്തികകളിലേയ്ക്കുള്ള പൊതു ഒ.എം.ആർ പരീക്ഷ 17.12.2023 ( ഞായർ) രാവിലെ 10.30 മുതൽ 12.15 വരെ തൃശ്ശൂർ** ജില്ലയിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ടി തസ്തികകളുടെ ഒ.എം.ആർ പരീക്ഷയെഴുതുന്ന ഭിന്നശേഷിക്കാരായ ( **40 ശതമാനത്തിനു മുകളിൽ)** ഉദ്യോഗാർത്ഥികൾ , അവർക്ക് സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ ആയത് പരീക്ഷാ തീയതിയ്ക്ക് **ഏഴ്** ( 7) ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഇമെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. പരീക്ഷയുടെ ഹാൾടിക്കറ്റ് , മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസേബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം ( JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION.) ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാർ നൽകുന്ന 'എഴുതുവാൻ ബുദ്ധിമുട്ടുണ്ട് ' എന്ന് കാണിച്ച് കൊണ്ടുള്ള സർട്ടിഫിക്കറ്റ് ഇവ സഹിതം അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്ക്രൈബിനെ അനുവദിക്കുന്നതിനു വേണ്ടി പരിഗണിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് കെ.ഡി.ആർ.ബിയുടെ ഔദ്യോഗിക വെബ് സൈറ്റ് ( www.kdrb.kerala.gov.in ) സന്ദർശിക്കുക.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്